KERALA KAUMUDI 13-01-2016

# കേന്ദ്രഫിഷറീസ് നയം: മത്സ്യത്തൊഴിലാളികൾ ധർണ നടത്തി

കൊച്ചി: ഇന്ത്യയുടെ കടലുകൾ വിദേശമത്സ്യക്കപ്പലുകൾക്കായി തുറന്നിട്ടുകൊടുക്കുന്ന നടപടി പിൻവലിക്കണമെന്നും പുതിയ മത്സ്യബന്ധന നയത്തിൽ മത്സ്യത്തൊഴിലാളികളുടെ താത്പര്യം സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ട് മത്സ്യത്തൊഴിലാളികൾ കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനത്തിനു മുൻപിൽ ധർണ നടത്തി. ഫിഷറീസ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ധർണ ഹൈബി ഈഡൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

മത്സ്യസമ്പന്നമായ നമ്മുടെ കടലുകളെ വിദേശശക്തികൾക്ക് തീറെഴുതുന്ന കേന്ദ്ര സർക്കാരിന്റെ നടപടികളെ ഒരു കാരണവശാലും അംഗീകരിക്കാനാവില്ല എന്ന് അദ്ദേഹം പറഞ്ഞു. മീനാകുമാരി റിപ്പോർട്ടിനെതിരെ രാജ്യവ്യാപകമായി നടന്ന പ്രക്ഷോഭത്തിൽ മുന്നിൽനിന്ന സംസ്ഥാനമാണ് കേരളം. പ്രക്ഷോഭത്തെത്തുടർന്ന് മീനാകുമാരി റിപ്പോർട്ട് കേന്ദ്രസർക്കാർ തള്ളിക്കളഞ്ഞെങ്കിലും വിദേശകപ്പലുകൾക്ക് തുടർന്നും പ്രവർത്തനാനുമതി നൽകിയിരിക്കുകയാണ്. ഈ ലക്ഷ്യത്തോടെയാണ് ഡോ. എസ്. അയ്യപ്പന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ നിയോഗിച്ചിരിക്കുന്നത്. കമ്മിറ്റിയുടെ പരിഗണനാവിഷയങ്ങളിൽ കാതലായ മാറ്റം വരുത്തണമെന്നും സംസ്ഥാനങ്ങളുടെ താല്പര്യങ്ങളെ റിപ്പോർട്ട് പരിരക്ഷിക്കണമെന്നും ഹൈബി ഈഡൻ പറഞ്ഞു.

കോ-ഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ വി. ദിനകരൻ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. വി.വി. ശശീന്ദ്രൻ, ചാൾസ് ജോർജ്, പി.പി. ജോൺ, ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ, കുമ്പളം രാജപ്പൻ, തുടങ്ങിയവർ സംസാരിച്ചു. 18 ന് കേന്ദ്ര ഫിഷറീസ് നയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ഏകദിനശില്പശാല നടത്തുന്നുണ്ട്.